**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമ ഗ്രാമപഞ്ചായത്ത്— 2010-2011, 2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-13 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.3572/1515/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/11/2015

പരാമർശം:- 1) പഞ്ചായത്ത് ഡയരക്ടറുടെ 07/03/15 ലെ എം-3-5947/15ാം നമ്പർകത്ത്.
2) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയരക്ടറുടെ 22/06/15 ലെ എൽ.എഫ്.5667/പി.റ്റി1/2015ാം നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2010-2011, 2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-13 പ്രകാരം കൃത്യമായ വരവ് അറിയാതെ പഞ്ചായത്തിന്റെ പേരിൽ സ്ഥിരം നിക്ഷേപമായി സൂക്ഷിച്ചിരുന്ന 15,00,000/- രൂപ ( പതിനഞ്ച് ലക്ഷം രൂപ ) ആഡിറ്റ് കണ്ടെത്തുകയും നീക്കിയിരിപ്പ് തുകയുടെ കൃത്യത നിർണ്ണയിക്കാൻ സാധ്യമല്ലാത്തതിനാൽ വിവരം ചൂണ്ടിക്കാണിച്ച് സർക്കാർ സാധൂകരണം വാങ്ങി വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു .

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 11/09/2012 ലെ 9 ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം , ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് . ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന നീക്കിയിരിപ്പ് തുക പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാനുള്ള അനുവാദത്തിനായി

സർക്കാരിലേക്ക് അപേക്ഷിക്കാനും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട് .

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം , ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 2 -13 പ്രകാരമുള്ള ആഡിറ്റ് തടസ്സപ്പെടുത്തിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ ആഡിറ്റിന് എതിരഭിപ്രായമില്ല എന്ന് പരാമർശം 2 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിനാൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ തലയോലപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 2010-2011, 2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-13 പ്രകാരം കൃത്യമായ വരവ് അറിയാതെ പഞ്ചായത്തിന്റെ പേരിൽ സ്ഥിരം നിക്ഷേപമായി സൂക്ഷിച്ചിരുന്ന നീക്കിയിരിപ്പ തുകയായ 15,00,000/--രൂപ ( പതിനഞ്ച് ലക്ഷം രൂപ ) പ്രസ്തുത തുകയുടെ കൃത്യത നിർണ്ണയിക്കാൻ സാധ്യമല്ലാത്തതിനാൽ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാനുള്ള അനുവാദം നൽകി, ഖണ്ഡിക 2-13 ന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
റ്റി .വിജയൻ
ഡപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്, കോട്ടയം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ